**No. CEE/5302/LLM /2015/TA2**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എൽഎൽ.എം. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം–2015
## ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിയ്ക്കുന്നു

കേരളത്തിലെ 4 ഗവൺമെന്റ് ലോ കോളേജുകളിലേയും 5 സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2015–16 വർഷത്തെ എൽഎൽ.എം കോഴ്സിലേയ്ക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **22.02.2016 (തിങ്കളാഴ്ച)** ആരംഭിക്കുന്നതാണ്.

വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ LL.M 2015-Candidate Portal എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച് '**Option Registration**' എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് കീ നമ്പർ, പാസ്‌വേർഡ് എന്നിവ നൽകി **22.02.2016** മുതൽ **27.02.2016 വൈകുന്നേരം 5 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **2016 മാർച്ച് 1, 2, 3, 4** എന്നീ തീയതികളിൽ കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **22.02.2016** | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| **27.02.2016, 5 pm** | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **29.02.2016** | **ഒന്നാംഘട്ട അലോട്ട്മെന്റ്** |
| **01.03.2016 മുതൽ 04.03.2016 വരെ** | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **04.03.2016 വൈകുന്നേരം 5 ന്** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. |

| **DETAILS OF LAW COLLEGES INCLUDED IN CENTRALISED ALLOTMENT PROCESS (CAP)** | | |
|---|---|---|
| Sl. No | College Code | Name of College |
| **GOVERNMENT LAW COLLEGES** | | |
| 1 | TVL | GOVT. LAW COLLEGE, THIRUVANANTHAPURAM |
| 2 | EKL | GOVT. LAW COLLEGE, ERNAKULAM |
| 3 | TCL | GOVT. LAW COLLEGE, THRISSUR |
| 4 | KKL | GOVT. LAW COLLEGE, KOZHIKODE |
| **PRIVATE SELF FINANCING LAW COLLEGES** | | |
| 1 | ATL | AL-AZHAR LAW COLLEGE, THODUPUZHA, IDUKKI |

| | | |
|---|---|---|
| 2 | BRL | BHAVAN'S N.A. PALKHIVALA ACADEMY FOR ADVANCED LEGAL STUDIES AND RESEARCH, KOZHIKODE |
| 3 | CEL | CSI COLLEGE FOR LEGAL STUDIES, ETTUMANOOR, KOTTAYAM |
| 4 | GNL | MAR GREGORIOS COLLEGE OF LAW, NALANCHIRA, TRIVANDRUM |
| 5 | SKL | SREE NARAYANA GURU COLLEGE OF LEGAL STUDIES, KOLLAM |

**ഫീസ്:**

| **കോളേജുകൾ** | **ഫീസ്** |
|---|---|
| ഗവൺമെന്റ് ലോ കോളേജുകൾ | 3,600 രൂപ |
| സ്വകാര്യ സ്വാശ്രയ ലോ കോളേജ് (**ഗവൺമെന്റ് സീറ്റ്**) | 30,000 രൂപ |

എൽഎൽ.എം കോഴ്സിന്റെ വാർഷിക ട്യൂഷൻ ഫീസ്, മറ്റു ഫീസ്, ഡെപ്പോസിറ്റ് എന്നിവ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ തന്നെ അഡ്മിഷൻ സമയത്ത് ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് **4** ൽ പറയുന്ന യോഗ്യത നേടിയിരിക്കണം.

## അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:

1. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡ്
2. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് ലെറ്റർ
3. എൽ.എൽ.ബി. പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റ് (എല്ലാ മാർക്ക് ലിസ്റ്റും)
4. പ്രൊവിഷണൽ/ഡിഗ്രി സർട്ടിഫിക്കറ്റ്
5. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ
6. അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് രേഖകൾ
7. വിടുതൽ സർട്ടിഫിക്കറ്റ്
8. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപന മേധാവി അല്ലെങ്കിൽ ഒരു ഗസ്സറ്റഡ് ഓഫീസർ ആറ് മാസകാലയളവിനുള്ളിൽ നൽകിയിട്ടുള്ള സ്വഭാവ സർട്ടിഫിക്കറ്റ്
9. വിദ്യാർത്ഥിയുടെ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ
10. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ഒരു യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
11. സർക്കാർ സ്ഥാപനങ്ങൾ/ഷെഡ്യൂൾഡ് ബാങ്ക് എന്നിവിടങ്ങളിൽ ജോലിചെയ്യുന്ന/ട്രെയ്നീ ആയിട്ടുള്ള അപേക്ഷകർ ഇന്റർവ്യൂ സമയത്ത് അതത് സ്ഥാപന മേധാവിയിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

***നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അവരെ തുടർന്നു നടത്തുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല.***

അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ കൊടുക്കുവാൻ പാടുള്ളതല്ല. അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
19.02.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**